# INDIAN SCHOOL SOHAR
## PERIODIC TEST- 2 (2017-18)
## MALAYALAM

No. of printed pages:3

**DATE:19-9-17** **MARKS: 80**
**STD:IX** **TIME: 3 hours**

General instructions

_ Please check that this question paper contains 3 printed pages.
_ Please check that this question paper contains 4 sections
_ Please write down the Serial Number of the question before attempting it.
_ The Question Paper is divided in to four sections:-

| | |
|---|---|
| Section A: Reading Comprehension | 10 marks |
| Section B: Writing | 16 marks |
| Section C: Grammar | 17 marks |
| Section D: Literature | 37 marks |

### എ വിഭാഗം

1.താഴെതന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (10)

''കൈയിൽ ഒരു വാച്ചും പോക്കറ്റിൽ ഹോമറിന്റെ ഒരു ഗ്രന്ഥവുമുണ്ടെങ്കിൽ ഞാൻ എന്റെ വഴി വെട്ടിത്തെളിക്കും'' എന്ന നെപ്പോളിയന്റെ വാക്കുകൾ വായനയുടെ ശക്തിയെ ധ്വനിപ്പിക്കുന്നു. വായന മനസ്സിന്റെ ഭക്ഷണമാണ്. മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായനാശീലം. ഗ്രന്ഥങ്ങളെ കെടാവിളക്കുകളോട് ഉപമിക്കാറുണ്ട്. സദാ വെളിച്ചം തൂകി അജ്ഞാനമാകുന്ന അന്ധകാരത്തെ മാറ്റുന്നതുകൊണ്ടാവാം ഉത്തമഗ്രന്ഥങ്ങളെ വിജ്ഞാനികൾ കെടാവിളക്കുകളോട് സാദൃശ്യപ്പെടുത്തുന്നത്. കുട്ടികളിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന സർഗ്ഗവാസനകളെ ഉണർത്തി പരിപോഷിപ്പിക്കാനും, ജീവകാരുണ്യം, സ്നേഹം, ധാർമ്മികബോധം എന്നീ മൂല്യങ്ങൾ വളർത്തി ഉത്തമജീവിതം നയിക്കാൻ പ്രാപ്തനാക്കാനും അങ്ങനെ അച്ചടക്കവും തന്റേടവുമുള്ള ഒരു ജനതയെ രൂപപ്പെടുത്താനും വായനയിലൂടെ മാത്രമേ കഴിയൂ. ധാരാളം വായിച്ചുതള്ളുന്നത് വായനയല്ല. വായിച്ചു തള്ളാതെ വായിച്ചുകൊള്ളാനാണ് നാം തുനിയേണ്ടത്. ഉച്ചത്തിൽ വായിക്കുന്നത് അത്ര നല്ലതല്ലെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. ''മൗനവായനയേ മനമറിയൂ'' എന്നാണ് പ്രമാണം. അതുകൊണ്ടാണ് വളരെ വായിക്കുകയല്ല വഴിയേ വായിക്കുകയാണ് വേണ്ടതെന്ന് പറയുന്നത്. അതേ, ''പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ്'' എന്ന് വായനയുടെ പ്രാധാന്യത്തെക്കുറിച്ച് ഷേക്സ്പിയർ പറഞ്ഞത് എത്ര വാസ്തവം.

ചോദ്യങ്ങൾ

a) വായനയുടെ ശക്തിയെ ധ്വനിപ്പിക്കുന്ന നെപ്പോളിയന്റെ വാക്കുകളെന്ത്?
b) ഗ്രന്ഥങ്ങളെ കെടാവിളക്കുകളോട് ഉപമിക്കുന്നതെന്തുകൊണ്ട്?
c) എന്താണ് വായനയുടെ പ്രധാന്യം?
d) വായനയുടെ പ്രാധാന്യത്തെക്കുറിച്ച് ഷേക്സ്പിയറുടെ അഭിപ്രായമെന്ത്?
e) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക.

### ബി വിഭാഗം

2.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (8)

a) കുട്ടികളും അച്ചടക്കവും
b) വനസംരക്ഷണത്തിന്റെ ആവശ്യകത
c) കേരളത്തിന്റെ പ്രകൃതിഭംഗി

3.നിങ്ങളുടെ ക്ഷേത്രത്തിലെ ഉത്സവത്തിൽ പങ്കെടുക്കാൻ സുഹൃത്തിനെ ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക. (8)

## സി വിഭാഗം

4.പ്രയോഗം മാറ്റുക. (2)

a) സിദ്ധാർഥൻ വഞ്ചി തുഴയുന്നു.
b) ശ്രീകൃഷ്ണൻ ഉപദേശിച്ചതാണ് ഭഗവത്ഗീത.

5.അംഗ അംഗി വാക്യങ്ങൾ വേർതിരിക്കുക. (1)

a) സിദ്ധാർഥൻ കടവിൽ എത്തിയപ്പോൾ തോണി അവിടെത്തന്നെയുണ്ടായിരുന്നു .

6.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (1)

a) അവൻ തോറ്റതിനു കാരണം പഠിക്കാതിരുന്നതുകൊണ്ടാണ്.

7.പിരിച്ചെഴുതുക. (2)

a) നിങ്ങൾ
b) ദിവസത്തെ

8.വിഗ്രഹിച്ചെഴുതുക. (2).

a) അപരിചിതൻ
b) ഉഡുപംക്തി

9.പര്യായപദമെഴുതുക (2)

a) വണ്ടി (യതി, ശകടം, അനസ്, ഗ്രീവം)
b) വ്യഥ (ദുഃഖം, ദർദ്ദുരം, മണ്ഡൂകം, സങ്കടം)

10.വിപരീതം എഴുതുക (2)

a) നിർജീവം (വിജീവം, നിഷ്കർഷിക്കുക, സജീവം)
b) ശീഘ്രം (മന്ദം, വിസ്താരം, അനുസാരം)

11.അർത്ഥവ്യത്യാസമെഴുതുക (2)

a) മാല് , മേല് (വെറുതെ, പേപ്പർ, ദുഃഖം, ശരീരം)
b) കരാളം, മരാളം (ഖഗം, ഭയങ്കരം, അഭിപ്രായം, അരയന്നം)

12.എതിർലിംഗം എഴുതുക (1)

a) ഘാതകൻ (ഘാത, ഘാതകി, ഘാതകിനി, ഘാതി)

13.നാനാർത്ഥം എഴുതുക (2)

a) ഉത്തരം (മറുപടി, ധനുസ്സ്, മേൽഭാഗം, വമ്പ്)
b) മതി (ബുദ്ധി, ധനം, കയ്പ്, ചന്ദ്രൻ)

## ഡി വിഭാഗം

14.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (5)

a). ''കാലം എന്ന ഒന്നില്ലെന്നുള്ള ആ രഹസ്യം നദിയിൽ നിന്ന് നിങ്ങളും പഠിച്ചുവോ'' ? ആരുടെ വാക്കുകളാണിത്?
(സിദ്ധാർഥൻ, വാസുദേവൻ, വണ്ടിക്കാരൻ)

b). ''നിനക്ക് അമ്മയെ ഓർമ്മയുണ്ടോ ഗോപീ''? ആരുടെ വാക്കുകളാണിത്?
(കമലം, വിമല, വാസുദേവൻ)

c). അമ്മ ഗോപിയോട് ആവശ്യപ്പെട്ടതെന്ത്?
(അലുമിനിയം കലവും അരിയും, സ്നേഹം, ചകലാസ്)

d). 'മറ്റൊരു വണ്ടിക്കാള'- ഇങ്ങനെ വിശേഷിപ്പിക്കുന്നത് ആരെയാണ്?
(സിദ്ധാർഥനെ, വാസുദേവനെ, വണ്ടിക്കാരനെ)

e).ശ്രദ്ധയോടെ കാതോർക്കാൻ വാസുദേവനെ പഠിപ്പിച്ചത് ആരാണ്?
(നദി, സിദ്ധാർഥൻ, തോണി)

f).വെളിച്ചമകറ്റാൻ ദുർമന്ത്രവാദം ചെയ്യുന്നത് ആര്?
(മൂങ്ങകൾ , തത്തകൾ, പട്ടികൾ)

g).'വിശ്വം ദീപമയം' എന്ന കവിതാഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തതാണ്?
(കൽപ്പശാഖി, ഉമാകേരളം, സവർണ്ണൻ)

h).ഉള്ളൂരിന്റെ മഹാകാവ്യം ഏത്?
(ഉമാകേരളം, എണ്ണപ്പാടം, ആദ്യത്തെ മരണം)

i).എം.എൻ വിജയന്റെ കാഴ്ചപ്പാടിൽ, വൈലോപ്പിള്ളിക്കവിതയിൽ ഏറിയിരിക്കുന്നത് എന്ത്?
(തത്ത്വചിന്ത, ദർശനം, പ്രബോധകത്വം)

j). പിണക്കത്തിൽ നിന്ന് ഇണക്കങ്ങളും ചവർപ്പിൽ നിന്ന് മാധുര്യവും വാറ്റിയെടുത്ത കവിത എന്ന് വിശേഷിപ്പിക്കപ്പെടുന്ന കവിത ഏത്?
(കടൽത്തീരത്ത്, മാമ്പഴം, കന്നിക്കൊയ്ത്ത്)

15.ഉത്തരമെഴുതുക.

a).വൈലോപ്പിള്ളിക്കവിതകളുടെ പ്രത്യേകതകൾ ഏവ? (4)

b). മിന്നാമിനുങ്ങിന്റെ പവൃത്തിയെ ഉദാഹരിച്ചുകൊണ്ടു കവി നൽകുന്ന സന്ദേശമെന്താണ്? (4)

c).പ്രഭാതം മുതൽ രാത്രിവരെ നീളുന്ന വണ്ടിക്കാരന്റെ അധ്വാനതീവ്രത ധ്വനിപ്പിക്കാൻ കവി സ്വീകരിച്ചിട്ടുള്ള തന്ത്രമെന്ത്? വിശകലനം ചെയ്യുക. (4)

d).“അതായിരിക്കാം പൊരുളാപ്രവൃത്തി:
ക്കജൻ ഹിതം മർത്ത്യനറിഞ്ഞുചെയ്വോൻ”
മർത്ത്യന്റെ ഹിതം അറിഞ്ഞ് ദൈവം ചെയ്തത് എന്ത്? (4)

e). 'കീറിപ്പൊളിഞ്ഞ ചകലാസ്” എന്ന കഥയുടെ ആശയവും കാലികപ്രസക്തിയും വിവരിക്കുക. (4)

f). “എങ്ങനെ കാതോർക്കണമെന്ന് അയാൾക്കറിയാമായിരുന്നു.”
വാസുദേവനെക്കുറിച്ച് സിദ്ധാർഥന് ഇങ്ങനെ തോന്നാൻ കാരണമെന്ത്? (4)

16.ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (8)

a) ശ്രീരാമകൃഷ്ണ പരമഹംസൻ നരേന്ദ്രന്റെ വ്യക്തിത്വത്തെ പരീക്ഷിച്ചതെങ്ങനെയെല്ലാം? വിവരിക്കുക.
b) ധ്യാനത്തിന്റെ പരമപദമായ നിർവികല്പസമാധി നരേന്ദ്രന് അനുഭവിക്കാൻ കഴിഞ്ഞതെങ്ങനെ? വിവരിക്കുക.
c) മഹാകുസൃതിക്കാരനായിരുന്നു ബിലേ– വിവരിക്കുക.

**********************